മാതൃഭൂമി

23 December 2016

# കൈ നിറയെ മീനുമായി സ്ത്രീ കൂട്ടായ്മകൾ

## കൂട് മത്സ്യകൃഷി



പിഴലയിൽ സ്ത്രീ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിയ കൂട് മത്സ്യകൃഷിയുടെ വിളവെടുപ്പ് എസ്. ശർമ എം.എൽ.എ. നിർവഹിക്കുന്നു

**വരാപ്പുഴ:** കൂട് മത്സ്യകൃഷിയിൽ മികച്ച വിജയവുമായി സ്ത്രീ കൂട്ടായ്മകൾ. കടമക്കുടി പഞ്ചായത്തിലെ പിഴലയിൽ സ്ത്രീ കൂട്ടായ്മകളുടെ നേതൃത്വത്തിൽ നടത്തിയ കൂട് മത്സ്യകൃഷിയുടെ ക്രിസ്മസ് വിളവെടുപ്പിൽ ലഭിച്ചത് ടൺ കണക്കിന് മത്സ്യം. സി.എം.എഫ്.ആർ.ഐ.യുടെ മേൽനോട്ടത്തിൽ ആരംഭിച്ച മത്സ്യകൃഷിയിൽ, പുരുഷൻമാർക്കൊപ്പം സ്ത്രീകളും സക്രിയമാണ്. പെരിയാറിന്റെ കൈവഴികളിലായി അറുപതോളം കൂടുകളിലാണ് ഇപ്പോൾ മത്സ്യകൃഷി നടക്കുന്നത്.

കാളാഞ്ചി, കരിമീൻ, തിലോപ്പി തുടങ്ങിയ മത്സ്യങ്ങളാണ് പ്രധാനമായും കൂടുകളിൽ കൃഷി ചെയ്തിട്ടുള്ളത്. വിളവെടുത്ത കാളാഞ്ചി മത്സ്യത്തിന്റെ ശരാശരി തൂക്കം മൂന്നര കിലോയാണ്. രണ്ടായിരത്തോളം മത്സ്യക്കുഞ്ഞുങ്ങളെയാണ് ഓരോ കൂടുകളിലും നിക്ഷേപിച്ചത്. എട്ട് മാസത്തെ വളർച്ചയ്ക്ക് ശേഷം നടത്തിയ വിളവെടുപ്പിൽ മികച്ച വിളവാണ് ലഭിച്ചിട്ടുള്ളതെന്ന് സംരംഭകരും സി.എം.എഫ്.ആർ.ഐ. അധികൃതരും പറഞ്ഞു.

കേരളത്തിൽ കടൽ മത്സ്യങ്ങൾ കുറയുന്ന സാഹചര്യത്തിൽ പുത്തൻ പരീക്ഷണമെന്ന നിലയിൽ അഞ്ച് വർഷം മുൻപാണ് സി.എം.എഫ്.ആർ.ഐ. കൂട് മത്സ്യകൃഷിക്ക് തുടക്കമിട്ടത്.

പിഴലയിൽ നടന്ന വിളവെടുപ്പ് ഉത്സവം എസ്. ശർമ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പുതിയതായി നിർമിച്ച കൂടുകളിൽ കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഉദ്ഘാടനവും ശർമ നിർവഹിച്ചു.